(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുഷ്പകൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ നടപടി

*3 [576] ശ്രീ. വി. ബാലറാം:
,, കെ. സി. ജോസഫ്:
,, ലൂഡി ലൂയിസ്:
,, ഡി. സുഗതൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഷ്പകൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗയോഗ്യമായ എന്തുമാത്രം പുഷ്പം ഉൽപ്പാദിപ്പിക്കുന്നു;

(സി) സംസ്ഥാനത്തുനിന്നും പ്രതിവർഷം എന്തു തുകയ്ക്കുള്ള പുഷ്പം കയറ്റുമതി ചെയ്യുന്നു;

(ഡി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് പുറത്തുനിന്നും പുഷ്പം കൊണ്ടുവരേണ്ടതുണ്ടോ എന്നറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പുഷ്പകൃഷി വികസനത്തിനുള്ള സംസ്ഥാന പദ്ധതിപ്രകാരം ഫ്ളോറി ക്ലബ്ബുകൾ രൂപീകരിച്ച് ഗ്രീൻ ഹൗസ് നിർമ്മാണം, നടീൽ വസ്തുക്കൾ വിതരണം തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നടീൽ വസ്തുക്കളുടെ വിതരണത്തിനായി 11 നഴ്സറികളെ തിരഞ്ഞെടുത്തിട്ടുണ്ട്.

2002-2003-ൽ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ബൾബസ് ഇനങ്ങൾ, ഓർക്കിഡ്, ആന്തൂറിയം ഇനങ്ങൾ എന്നിവയുടെ കൃഷിവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് 25 സെന്റ് വീതമുള്ള 155 യൂണിറ്റുകളിലൂടെ ഓരോ യൂണിറ്റിനും 10,000 രൂപ സബ്സിഡി നൽകി പുഷ്പകൃഷി നടപ്പാക്കിയിട്ടുണ്ട്. ഗ്രാഫ്റ്റ് ഇനങ്ങളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 7500 രൂപയും വിത്തിനങ്ങളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 2000 രൂപ വീതവും നൽകി കർഷകർക്ക് പുഷ്പകൃഷിയിൽ ട്രെയിനിംഗ് നൽകുകയുണ്ടായി. നടപ്പുവർഷം ഈ പദ്ധതിക്ക് 124.75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഗ്രികൾച്ചർ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 61 ടൺ ഉപയോഗയോഗ്യമായ പുഷ്പം ഉൽപ്പാദിപ്പിക്കുന്നതായിട്ടാണ് കണക്ക്.

(സി) അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് പ്രതിവർഷം മൂന്നുകോടി രൂപയ്ക്കുള്ള ഓർക്കിഡ്, ആന്തൂറിയം, കട്ട്ഫ്ളവറുകളും ഏഴുകോടിരൂപയുടെ ഫോളിക്കേറ്റ് പ്ലാന്റ്സും കയറ്റുമതി ചെയ്യുന്നു.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് പുറത്തുനിന്നും പുഷ്പം കൊണ്ടുവരേണ്ടതുണ്ട്. മുല്ല, പിച്ചി, മാരിഗോൾഡ്, അരളി, റ്റ്യൂബ്റോസ്, താമര തുടങ്ങിയ പുഷ്പങ്ങൾ പുറത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശ

* 4 [577] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത ശുപാർശകളിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിയേതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഗ്രാന്റുകൾ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുന്നതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ ആദ്യ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. 8-1-2001-ന്.

LIBRARY ARCHIVES Kerala Legislative Assembly